"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ജീവനക്കാര്യം -ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല ശ്രീ. മുഹമ്മദ് താഹ.കെ.എം.-യ്ക്ക് നൽകിയ തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2800/2025/LSGD തിരുവനന്തപുരം,തീയതി: 12-11-2025

---

പരാമർശം:-

1. തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ 02.06.2025-ലെ LSGD/PD/17337/2025-DEA1 നമ്പർ നടപടിക്രമം
2. പ്രിൻസിപ്പൽ ഡയറക്ടറുടെ 19.09.2025-ലെ LSGD/PD/17337/2025-DEA1 നമ്പർ കത്ത്

**ഉത്തരവ്**

ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തികയിൽ 31.05.2025-ൽ വിരമിക്കൽ മുഖേന ഒഴിവു നിലവിൽവന്നതിനെത്തുടർന്ന് ഈ വിഷയത്തിൽ പുതിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ പ്രസ്തുതതസ്തികയുടെ പൂർണ്ണ അധികച്ചുമതല 01/06/2025 പൂർവ്വാഹ്നം മുതൽ നിർവഹിക്കുന്നതിന് അതേ കാര്യാലയത്തിലെ ഫിനാൻസ് ഓഫീസറായ ശ്രീ.മുഹമ്മദ് താഹ.കെ.എം-യെ ചുമതലപ്പെടുത്തി പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടർ ഉത്തരവായിരുന്നു. പ്രസ്തുത നടപടി സാധൂകരിക്കണമെന്ന് പരാമർശം (2) പ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ തസ്തികയിൽ 31.05.2025-ൽ വിരമിക്കൽ മുഖേന ഒഴിവു നിലവിൽ വന്നതിനെത്തുടർന്ന് ഈ വിഷയത്തിൽ പുതിയൊരു ഉത്തരവ് ഉണ്ടാകുന്നതുവരെ അതേ കാര്യാലയത്തിലെ ഫിനാൻസ് ഓഫീസറായ ശ്രീ.മുഹമ്മദ് താഹ.കെ.എം.-യ്ക്ക് 01.06.2025 പൂർവ്വാഹ്നം പ്രാബല്യത്തിൽ പ്രസ്തുത തസ്തികയുടെ പൂർണ്ണ അധികച്ചുമതല അനുവദിച്ച തദ്ദേശ സ്വയംഭരണ വകുപ്പ് റൂറൽ ഡയറക്ടറുടെ പരാമർശം (1) പ്രകാരമുള്ള നടപടി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABITHA BAI A S
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
മുഖേന)
ശ്രീ.മുഹമ്മദ് താഹ.കെ.എം,ഫിനാൻസ് ഓഫീസർ (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Suja. M
Date: 15-11-2025 11:52:08

സെക്ഷൻ ഓഫീസർ